ആസ്തിവികസന ഫണ്ട് വിനിയോഗം

152 (492) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്കായി നാളിതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) എം. എൽ. എ. മാരുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിക്കാൻ ജില്ലാ കളക്ടർക്ക് അധികാരം നൽകിയിരിക്കുന്നതുപോലെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവർത്തികൾക്കും ഫണ്ട് വിനിയോഗിയ്ക്കാൻ കളക്ടർമാർക്ക് അധികാരം നൽകാൻ ഉതകുംവിധം നിലവിലുള്ള നിബന്ധനകൾ പരിഷ്കരിച്ച് ഉത്തരവിറക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(സി) അപ്രകാരം പരിഷ്കരിച്ച രീതിയിൽ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് നയപരമായ തീരുമാനമെടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) ആസ്തിവികസന പദ്ധതി നിലവിൽ വന്നതിനുശേഷം വിവിധ നിയോജക മണ്ഡലങ്ങളിലായി 2012-13 സാമ്പത്തിക വർഷത്തിൽ 68373.70 ലക്ഷം രൂപ അടങ്കൽ വരുന്ന 875 പ്രവൃത്തികളും 2013-14 വർഷത്തിൽ 53960.50 ലക്ഷം രൂപ അടങ്കൽ വരുന്ന 1064 പ്രവൃത്തികളും 2014-15 വർഷത്തിൽ 4629.26 ലക്ഷം അടങ്കൽ വരുന്ന 82 പ്രവൃത്തികളും നടപ്പിലാക്കുവാൻ ധനവകുപ്പിൽ നിന്നും അനുമതി നൽകുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 11-6-2012-ലെ G.O.(P) No.332/2012/Fin. ഉത്തരവിലെ മാർഗ്ഗരേഖകൾക്ക് വിധേയമായാണ് LAC, ADS-ന് കീഴിൽ നിർദ്ദേശിക്കപ്പെടുന്ന പ്രവൃത്തികൾ നടപ്പാക്കേണ്ടത്. അസറ്റ് ഡെവലപ്പ്മെന്റ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ താരതമ്യേന ഉയർന്ന എസ്റ്റിമേറ്റ് തുകയുള്ളവയാണ്. അത്തരം പ്രവൃത്തികൾക്ക് ഉയർന്ന തലത്തിലുള്ള പരിശോധനയും അംഗീകാരവും ആവശ്യമാണ്. എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെകാര്യത്തിൽ സ്വീകരീകരിക്കുന്ന നടപടിക്രമങ്ങൾ ആസ്തിവികസന ഫണ്ടിന് ബാധകമാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

153 (493) <u>ശ്രീ. കൊല്ലിയേക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസന ഫണ്ടിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ടെണ്ടർ ചെയ്യുമ്പോൾ ആ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ തയ്യാറാകാതെ വീണ്ടും പലതവണ ടെണ്ടർ ചെയ്യുകയും ആരും ഏറ്റെടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

(ബി) കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ ബെനിഫ്യഷ്യറി കമ്മിറ്റി മുഖേനി ചെയ്ത് ഏറ്റെടുത്ത് ചെയ്യുന്നതിന് വ്യവസ്ഥയുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

(സി) ഇത്തരം പ്രവൃത്തികളുടെ ഭരണാനുമതി റദ്ദുചെയ്ത് പകരം പ്രവൃത്തി നിർദ്ദേശിച്ചാൽ അവയ്ക്ക് അനുമതി ലഭിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly